## അഡീഷണൽ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**വിഷയം:-** പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – ഉഴവൂർ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീ.അനൂപ് മോഹൻ, ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച ഡബ്ല്യൂ.പി(സി) 13449/2010 (ഇ)–യിൻമേലുള്ള 23.04.2010–ലെ ഇടക്കാല ഉത്തരവ് – സ്ഥലംമാറ്റ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-** 1. ഈ ആഫീസിലെ 13.04.2010–ലെ ഇ13–13/2010 നമ്പർ ഉത്തരവ്.
2. ബഹു.ഹൈക്കോടതിയുടെ 23.04.2010–ലെ 13449/2010 (ഇ) നം. ഡബ്ല്യൂ.പി(സി) ഇടക്കാല ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ13–13/2010 തീയതി: 28.05.2010**

പരാമർശം (1) ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീ.അനൂപ് മോഹനെ മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമ പഞ്ചായത്തിലേക്കും, ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീമതി.ആർ.ബിന്ദുവിനെ കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമ പഞ്ചായത്തിലേക്കും സ്ഥലംമാറ്റം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലംമാറ്റത്തെ ചോദ്യം ചെയ്ത് ശ്രീ.അനൂപ് മോഹൻ ബഹു.ഹൈക്കോടതി മുമ്പാകെ 13449/2010 (ഇ) നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും, എന്നാൽ ശ്രീ.അനൂപ് മോഹനെയും, ശ്രീമതി.ആർ.ബിന്ദുവിനെയും അവർ നിലവിൽ ജോലി നോക്കി വരുന്ന ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ തന്നെ തുടരുന്നതിനും പരാമർശം (2) പ്രകാരം ബഹു.ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള സ്ഥലംമാറ്റ ഉത്തരവിൽ താഴെ പറയും വിധം ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | കോളം .I | കോളം .II |
|---|---|---|
| 1 | അനൂപ് മോഹൻ,<br>ഉഴവൂർ ഗ്രാമ പഞ്ചായത്ത്, കോട്ടയം<br>(ഊരകം ഗ്രാമ പഞ്ചായത്തിൽ നിയമിച്ചിരുന്നത്) | ഉഴവൂർ ഗ്രാമ പഞ്ചായത്തിൽ നിലനിർത്തുന്നു. |
| 2. | ആർ.ബിന്ദു<br>ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്<br>എറണാകുളം<br>(ഉഴവൂർ ഗ്രാമ പഞ്ചായത്തിൽ നിയമിച്ചിരുന്നത്) | ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിലനിർത്തുന്നു. |
| 3 | ബി.സമീന<br>തിരുവാങ്കുളം ഗ്രാമ പഞ്ചായത്ത്<br>എറണാകുളം<br>(ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിയമിച്ചിരുന്നത്) | തിരുവാങ്കുളം ഗ്രാമ പഞ്ചായത്തിൽ നിലനിർത്തുന്നു. |
| 4 | കാർത്ത്യായിനി<br>ചീക്കോട് ഗ്രാമ പഞ്ചായത്ത്<br>മലപ്പുറം<br>(തിരുവാങ്കുളം ഗ്രാമ പഞ്ചായത്തിൽ നിയമിച്ചിരുന്നത്) | നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്<br>എറണാകുളം |
| 5 | എം.ജി.സുമ<br>പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത്, പാലക്കാട്<br>(നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരുന്നത്) | കൊടുമ്പ് ഗ്രാമ പഞ്ചായത്ത്, പാലക്കാട് |

മേൽ പറഞ്ഞ സ്ഥലംമാറ്റങ്ങൾ തികച്ചും താൽക്കാലികവും ബഹു.ഹൈക്കോടതിയുടെ 13449/10 (ഇ) നം.ഡബ്ല്യൂ.പി(സി)യുടെ അന്തിമ തീർപ്പിന് വിധേയമായിട്ടുള്ളതുമാണ്.

മേൽ ഉത്തരവ് ഉടൻ നടപ്പിൽ വരുത്തേണ്ടതും, പ്രവേശനം ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്.

**(ഒപ്പ്)**
**ഈപ്പൻ ഫ്രാൻസിസ്**
**അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ**

**പകർപ്പ്:**

(1) വ്യക്തികൾക്ക് (ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
(2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം/മലപ്പുറം/പാലക്കാട്/എറണാകുളം
(3) സെക്രട്ടറി, ഉഴവൂർ/ഊരകം/ആമ്പല്ലൂർ/തിരുവാങ്കുളം/ചീക്കോട്/ നെല്ലിക്കുഴി/പെരുങ്ങോട്ടുകുറിശ്ശി/കൊടുമ്പ് ഗ്രാമ പഞ്ചായത്ത്
(4) കരുതൽ ഫയൽ/അധികം

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

ഐ.കെ